**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4830** **13-03-2023 - ൽ മറുപടിയ്ക്ക്**

**സീഫുഡ് ഇന്നവേഷൻ ക്ലസ്റ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ മത്സ്യബന്ധന മേഖല കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി റോഡ് മാപ് തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതര വകുപ്പുകളുമായി ചേർന്ന് സീഫുഡ് ഇന്നവേഷൻ ക്ലസ്റ്റർ പോലുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരളത്തിന്റെ മത്സ്യബന്ധന മേഖല കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി റോഡ് മാപ് തയ്യാറാക്കുന്നതിന് ഇതര വകുപ്പുകളുമായി ചേർന്ന് സീഫുഡ് ഇന്നവേഷൻ ക്ലസ്റ്റർ പോലുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് ഐക്യരാഷ്ട്രസഭയുടെയും, ലോക ഭക്ഷ്യ കാർഷിക സംഘടനയുടെയും വിദഗ്ധനായ ഡോ. എറിക് ഹെമ്പലുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംഘവും നോർവെയിൽ വെച്ച് വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ലോകത്തെ മറ്റ് വിദഗ്ധരെയും, ഇന്ത്യയിലെ ശാസ്ത്രജ്ഞൻമാരെയും, മത്സ്യമേഖലയിലെ എല്ലാ ഉപജീവനാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് കുഫോസിന്റെ നേതൃത്വത്തിൽ ഒരു ശിൽപശാല നടത്താമെന്നും, കേരളത്തിന്റെ മത്സ്യമേഖലയുടെ സുസ്ഥിര വികസനത്തിനായുള്ള ഒരു റോഡ് മാപ്പ് അതിലൂടെ ഉണ്ടാക്കാമെന്നുമാണ് കരുതുന്നത്.<br><br>സർക്കാരിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനനുസൃതമായി വരുന്ന സാമ്പത്തിക വർഷത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മത്സ്യമേഖലയിൽ ഒരു ഏകജാലക സംവിധാനത്തിലൂടെ സംഘടിതമായ വിവര കൈമാറ്റങ്ങളും ആസൂത്രണവും സംരംഭകത്വ പ്രോത്സാഹനവും നൽകുകയും കണ്ടുപിടുത്തങ്ങൾക്ക് ചാലക ശക്തിയാവുകയും ചെയ്യുക എന്നതാണ് ഫിഷറീസ് ഇന്നവേഷൻ കൗൺസിലിന്റെ പ്രധാന |

| | | | |
|---|---|---|---|
| | | | ലക്ഷ്യം. വിവിധ ഡിപ്പാർട്ട്മെന്റുകളുമായും മേഖലകളുമായുള്ള സഹകരണത്തിലൂടെയാണ് ഇന്നവേഷൻ കൗൺസിൽ പ്രവർത്തിക്കുക. മത്സ്യമേഖലയിലെ ശാസ്ത്രജ്ഞർ, ഫിഷറീസ് വകുപ്പ്, മത്സ്യ/മത്സ്യോൽപ്പന്ന കയറ്റുമതിക്കാർ, വ്യവസായ വകുപ്പ്, കെ-ഡിസ്ക്, നോളഡ്ജ് മിഷൻ, സ്റ്റാർട്ടപ്പ് മിഷൻ എന്നിവ ഇന്നവേഷൻ കൗൺസിലിന്റെ നയരൂപീകരണ സംവിധാനത്തിന്റെ ഭാഗമായിരിക്കും. ഇതിലൂടെ സമുദ്രോൽപ്പന്ന ഉല്പാദക - കയറ്റുമതി അനുബന്ധ വ്യവസായ ശൃംഖലയുടെ ഒരു കേന്ദ്ര പ്രോത്സാഹന സംവിധാനമായി കൗൺസിലിന് പ്രവർത്തിക്കുവാൻ സാധിക്കുന്നതാണ്. മത്സ്യമേഖലയുടെ സുസ്ഥിരതയ്ക്കും ലാഭകരമായ വളർച്ചയ്ക്കും ഇന്നവേഷൻ കൗൺസിൽ സഹായകമാകും. |
| (ബി) | ഇതിനായി ഏതെങ്കിലും വിദേശ രാജ്യങ്ങളിലെ നൂതന സാങ്കേതികവിദ്യകളും അടിസ്ഥാന ഘടനയും ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കിമോ; | (ബി) | മത്സ്യമേഖലയുടെ വികസനത്തിന് നോർവേ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളെയും, വിയറ്റ്നാം തുടങ്ങിയ ഏഷ്യൻ രാജ്യങ്ങളെയും മാതൃകയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | മത്സ്യമേഖലയിൽ മറ്റ് യൂണിവേഴ്സിറ്റികളുമായി സഹകരിച്ചുകൊണ്ട് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ? | (സി) | വിദേശ രാജ്യങ്ങളുമായി, വിശിഷ്യ, നോർവേയുമായി അക്കാദമിക സഹകരണം ഉറപ്പാക്കാനായി സർക്കാർ, കുഫോസിലെ തന്നെ ഒരു പ്രൊഫസറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ലോകത്തെ വിവിധ സർവകലാശാലകൾ കുഫോസുമായുള്ള അക്കാദമിക സഹകരണത്തിന് തയ്യാറായി മുന്നോട്ടു വന്നിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ